(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇവിടങ്ങളിൽ പ്രസ്തുത പദ്ധതികളുമായി സമിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾക്കായി എത്രയുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി മണതലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഏജൻസികളുമായി സംസ്ഥാന തലത്തിൽ അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതു കൂടാതെ പദ്ധതികളുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും ജില്ലാ ഓഫീസുകൾ ശക്തമാക്കുന്നതിനുംവേണ്ടി LBS മുഖേന മോണിറ്ററിംഗ് സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തെയും ഇന്നുർമുഴിയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെ നിർമ്മാണം

333 (1031) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നാക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഏഴാറ്റുമുഖം പ്രകൃതി ഗ്രാമത്തെയും ചാലക്കുടി അതിരപ്പിള്ളിയിലുള്ള ഇന്നുർമുഴിയെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് 4.97 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തൂക്കുപാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ പ്രകാരം എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത് ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014 ഡിസംബർ മാസത്തോടെയാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഏഴാറ്റുമുഖം പ്രദേശത്ത് സ്ഥലം കിട്ടാതിരുന്നതിനാലും പ്ലാന്റേഷൻ കോർപ്പറേഷന്റേയും, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും ക്ലിയറൻസ് ആവശ്യമായിരുന്നതിനാലുമാണ് കാലതാമസമുണ്ടായത്.

(സി) പദ്ധതി 2015 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ചെറുവള്ളൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി

334 (1032) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെറുവള്ളൂർ വീരമലകുന്നിൽ ടൂറിസം പദ്ധതി ആരംഭിക്കുമെന്നും ഇതിനായി 2 കോടി രൂപ വകയിരുത്തുമെന്നും പ്രഖ്യാപിച്ചിരുന്നുവെങ്കിലും വർഷങ്ങൾകഴിഞ്ഞിട്ടും പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

ഈ പദ്ധതി പ്രദേശം വനം വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ വനം വകുപ്പിന്റെ അംഗീകാരം ലഭിച്ചെങ്കിൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി

335 (1033) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിലേക്ക് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ച് നൽകിയിട്ടുള്ളത് ആരെയാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly